# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3885 20.07.2015-ൽ മറുപടിയ്ക്ക്

ദേവികുളം നിയോജകമണ്ഡലത്തിലെ പട്ടയ വിതരണം.

<u>ചോദ്യം</u>

ശ്രീ.എസ്.രാജേന്ദ്രൻ

<u>മറുപടി</u>

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ദേവികുളം നിയോജകമണ്ഡലത്തിൽ എത്ര പട്ടയങ്ങൾ വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ദേവികുളം താലൂക്കിൽ 240 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | പുതിയ പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനു തീരുമാനം എടുത്തിട്ടുണ്ടോ; | (ബി)യും, (സി)യും (ഡി)യും 22.08.2015-ൽ ഇടുക്കി ജില്ലയിൽ മെഗാ പട്ടയമേള നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. പട്ടയമേളയിൽ വിവിധ തരത്തിലുള്ള 25,000 പട്ടയങ്ങൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം സമീപകാലത്തു തന്നെ ഇടുക്കിയെ ഭൂരഹിതരില്ലാത്ത ജില്ലയായി പ്രഖ്യാപിക്കുവാൻ കഴിയുമെന്ന് കണക്കാക്കുന്നു. |
| (സി) | എങ്കിൽ എന്ന് വിതരണം ചെയ്യുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ; | |
| (ഡി) | ഇല്ലെങ്കിൽ ആവശ്യമായ നടപടി ഉടൻ സ്വീകരിക്കുമോ? | |

C.C.V.Kumar

സെക്ഷൻ ഓഫീസർ